'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് - നാഷണൽ റർബൻ പദ്ധതിയിൽ ഉൾപ്പെട്ട Construction of Building for Industrial and Online Examination Centre എന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി FACT-RCF Building Products Ltd. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ) നം.516/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/03/2019

---

പരാമർശം:- 1. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 23.08.2018-ലെ 142/18 നമ്പർ തീരുമാനം.

2. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ A1/4076/18 നമ്പർ കത്ത്

3. ഗ്രാമവികസന കമ്മീഷണറുടെ 06.02.2019-ലെ 16749/ആർ.ഐ.4/18/സി.ആർ.ഡി നമ്പർ കത്ത്.

<u>ഉത്തരവ്</u>

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് നാഷണൽ റർബൻ മിഷന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പഞ്ചായത്താണ്. 2019 മാർച്ച് 31-ന് പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിക്കുകയാണെന്നും പദ്ധതിയിൽ ഉൾപ്പെട്ട "Construction of Building for Industrial and Online Examination Centre (അടങ്കൽ തുക 1 കോടി 30 ലക്ഷം) എന്ന പ്രവൃത്തിക്കായി മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വൈദ്യുതീകരണം കൂടാതെ 1 കോടി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും മേൽ പ്രവൃത്തിക്ക് 31/7/2018-ലെ 138/18 നമ്പർ ഭരണസമിതി തീരുമാനപ്രകാരം FACT RCF Building Products Ltd. (FRBL) എന്ന സ്ഥാപനം PREFAB സാങ്കേതിക വിദ്യ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി 1,09,52,559.57/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും GFRG Panel ഉപയോഗിച്ചുള്ള പ്രസ്തുത സാങ്കേതിക വിദ്യയിൽ കെട്ടിടത്തിൻറെ എല്ലാ നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കുന്നതിന് അടങ്കൽ തുകയേക്കാൾ കുറവ് ചെലവേ വരുന്നുള്ളൂ എന്നും PREFAB സാങ്കേതിക വിദ്യ ഉപയോഗിച്ച് കെട്ടിട നിർമ്മാണം കുറഞ്ഞ സമയത്തിനുള്ളിൽ പൂർത്തീകരിക്കാനാവുമെന്നും അതിനാൽ കേരള സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസി അല്ലാത്ത "FACT RCF Building Products Ltd. (FRBL)" എന്ന സ്ഥാപനത്തെ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ National RURBAN Mission പദ്ധതിയിൽ ഉൾപ്പെട്ട "Construction of Building for

Industrial and Online Examination Centre" എന്ന പ്രവൃത്തിയുടെ നിർവഹണ ഏജൻസിയായി അംഗീകരിക്കണമെന്ന പഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം(1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം(1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ FACT RCF Building Products Ltd. (FRBL) എന്ന സ്ഥാപനത്തെ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

- ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
- പഞ്ചായത്ത് സെക്രട്ടറി, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്, കണ്ണൂർ
- പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
- ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
- അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
- ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
- കരുതൽ ഫയൽ / ഓഫീസിൽ കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed SHAJI T R
Date: 201[illegible] 16:01:43 IST
Reason: Approved
സെക്ഷൻ ഓഫീസർ